പക്ഷേ 8 മണിക്കൂർ ജോലി വ്യവസ്ഥയെന്നുള്ളത് നേഴ്സുമാരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ട്. ആശുപത്രി ജീവനക്കാർക്കും നേഴ്സുമാർക്കും മാത്രമല്ല, ഈ 8 മണിക്കൂർ ജോലി വ്യവസ്ഥ ഏർപ്പെടുത്തിക്കഴിഞ്ഞാൽ രോഗികൾക്കും വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകും. അതുകൊണ്ട് ആവശ്യമായ നടപടികൾ ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം സ്വീകരിക്കുന്നതാണ്. നേഴ്സുമാരെ ട്രെയിനിംഗിന് എടുക്കുന്ന സമയത്ത് അവരുടെ പരിശീലനം കഴിഞ്ഞാൽ ഇത്ര വർഷത്തേക്ക് ഗവൺമെന്റിൽ ജോലി ചെയ്യണമെന്നുള്ള അടിസ്ഥാനത്തിലാണ് ബോണ്ട് വ വസ്ഥ നിർബ്ബന്ധമായി ഏർപ്പെടുത്തിയത്. നമുക്ക് ആവശ്യത്തിൽ കൂടുതൽ നേഴ്സുമാർ ഉള്ളതുകൊണ്ട് ആ തരത്തിലുള്ള നിർബന്ധം ചെലുത്താൻ കഴിയുകയില്ല. നല്ല മെച്ചപ്പെട്ട സ്കെയിലിൽ അവർക്ക് എവിടെയെങ്കിലും പോയി ജോലി ചെയ്യാൻ അവസരം നൽകണമെന്നും കരുതിയാണ് ബോണ്ടിൽ നിന്ന് അവരെ ഒഴിവാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് ബോണ്ട് നിർത്തൽ ചെയ്തിട്ടുള്ളത്. പക്ഷേ ഇന്ന് ട്രെയിനിംഗ് കഴിഞ്ഞുവരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം തൽക്കാലം അതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകാനിടയുള്ളതുകൊണ്ട് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ ഗവൺമെൻറ് നേഴ്സുമാരോടും ആശുപത്രി ജീവനക്കാരോടും സഹതാപപൂർവ്വമായ ഒരു സമീപനമായിരിക്കും സ്വീകരിക്കുകയെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## (2) സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള ക്ഷേമനിധി

ശ്രീ. എം. എം. ഹസ്സൻ : സർ, നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി വളരെയേറെ ത്യാഗങ്ങൾ അനുഭവിച്ച സ്വാതന്ത്ര്യ സമര സേനാനികളുടെ ഒരു തലമുറ കാലത്തിന്റെ യവനികയ്ക്കുള്ളിൽ മൺമറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിത്. സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ചരിത്രത്തിൽ വായിച്ച് അറിവുള്ള ഒരു തലമുറയുടെ പ്രതിനിധിയാണ് സർ, ഞാൻ നഷ്ടപ്പെടാൻ പലതുമുണ്ടായിട്ടും നേടാൻ ഒന്നുമില്ലാതിരുന്നിട്ടും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജയിലറകളുടെയും നിറതോക്കിൻറെയും കൊലക്കയറിന്റെയും മുമ്പിൽ വിരിമാറു കാണിച്ചുകൊണ്ടിറങ്ങി വന്ന സ്വാതന്ത്ര്യ സമരസേനാനികൾക്ക് സംസ്ഥാന ഗവൺമെൻറും കേന്ദ്രഗവൺമെൻറും ചില ആനുകൂല്യങ്ങൾ നൽകി അവരെ ആദരിക്കാൻ തീരുമാനിക്കുകയുണ്ടായി. അത് ഒരുതരം ദാനം നൽകുന്നതുപോലെ കൊടുക്കുന്നത് നാടിനുതന്നെ അപമാനകരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെ ബോദ്ധ്യമുള്ള കാര്യമാണിത്. ഈ സഭയിൽ തന്നെ ആ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വിരലിലെണ്ണാവുന്ന അംഗങ്ങൾ മാത്രമേ ഇനി ബാക്കിയുള്ളു. അങ്ങും പ്രതിപക്ഷ നേതാവും ബേബി ജോണും ഗൗരിയമ്മയേയുമൊക്കെ പോലുള്ള അപൂർവ്വം ആളുകളെ ഉള്ളു. ആ ത്യാഗത്തിന്റെ കഥ എത്ര പറഞ്ഞാലും ഞങ്ങളെപ്പോലുള്ളവർക്ക് ഉൾക്കൊള്ളാൻ സാധിക്കുകയില്ല. അത് മനസിലാക്കിക്കൊണ്ടുതന്നെയാണെന്നു തോന്നുന്നു ആലപ്പുഴയിൽ സ്വാതന്ത്ര്യ സമരസേനാനികളുടെ സംഘടനയുടെ പതിമൂന്നാം സമ്മേളനത്തിൽ പ്രസംഗിച്ചപ്പോൾ സ്വാതന്ത്ര്യ സമരസേനാനികൾക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുന്നുവെന്നും അവർക്ക് നൽകുന്ന പെൻഷൻ സ്റ്റാറ്റ്യൂട്ടറി ആക്കുമെന്നും അങ്ങ് പറയുകയുണ്ടായി. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സ്വാതന്ത്ര്യ സമരസേനാനികൾക്ക് ഏർപ്പെടുത്തുമെന്നു പറഞ്ഞ ക്ഷേമനിധി മറ്റു പലതും പോലെ ചുവപ്പുനാടയിൽ കുരുങ്ങാതെ അതിന് നിയമനിർമ്മാണം ആവശ്യമാണെങ്കിൽ ഈ സഭയിൽ തന്നെ നിയമനിർമ്മാണം നടത്തി അവരെ സംരക്ഷിക്കുന്നതിനും അവരുടെ ആശ്രിതരായി ഇന്ന് അവശേഷിക്കുന്ന അപൂർവ്വ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും അടിയന്തിരമായി നടപടികൾ കൈക്കൊള്ളാൻ സാധിക്കണം എന്നാണ്. അവരുടെ വൈദ്യസഹായം, ചികിൽസ, മരിച്ചുപോയാൽ അവരുടെ കുടുംബങ്ങളിലുള്ള ആശ്രിതർക്ക് കാര്യമായി എന്തെങ്കിലും സഹായം നൽകൽ ഇവയെല്ലാം ക്ഷേമനിധിയിൽ ഉൾപ്പെടുത്തുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സ്വാതന്ത്ര്യസമര സേനാനികളുടെ സംഘടനയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതേക്കുറിച്ച് ചർച്ച നടത്തിയെന്നാണ് എനിക്ക് മനസിലാക്കാൻ കഴിയുന്നത്. അതിന് നിയമം കൊണ്ടുവരികയും ചട്ടങ്ങൾ ഉണ്ടാക്കുകയും അടിയന്തിരമായി നടപ്പിലാക്കുകയും വേണം.

ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത് ഓരോ ദിവസവും പത്രങ്ങളിൽ വരുന്ന വാർത്തകളെക്കുറിച്ചാണ്. ഇന്നത്തെ 'മാതൃഭൂമി' പത്രത്തിൽ 'സ്വാതന്ത്ര്യ സമര ഭടൻ നിത്യദാരിദ്ര്യത്തിൽ' എന്ന ഒരു തലക്കെട്ടിൽ ഒരു വലിയ വാർത്ത വന്നിട്ടുണ്ട് സർ. മരങ്ങാട്ടുപള്ളി കൊള്ളിയാൻകുന്നിൽ ഗോപാലൻ നായർ എന്ന സ്വാതന്ത്ര്യ സമരസേനാനി ഭിക്ഷ യാചിക്കേണ്ട ഗതികേടിൽ എത്തിയിരിക്കുകയാണ്. സ്വാതന്ത്ര്യ കോൺഗ്രസിന്റെ സത്യാഗ്രഹ സമരത്തിൽ പങ്കെടുത്തിട്ടുള്ള ആളാണ് അദ്ദേഹം. അദ്ദേഹത്തിന് പെൻഷൻ ഇതുവരെ അനുവദിച്ചിട്ടില്ല. അദ്ദേഹത്തോടൊപ്പം ജയിലിൽ കിടന്ന പലർക്കും പെൻഷൻ അനുവദിച്ചു. ഇങ്ങനെയുള്ള വാർത്തകൾ വരുമ്പോൾ സത്യത്തിൽ ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള ചില പ്രശ്നങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ അങ്ങ് പ്രത്യേകമായ താൽപ്പര്യം കാണിക്കുമെന്ന് എനിക്ക് അറിയാം. കാണിക്കണമെന്നും ശക്തിയായിട്ട് ആവശ്യപ്പെടാൻകൂടി ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു.

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ഉത്തരവാദ പ്രക്ഷോഭണത്തിലും വൈക്കം സത്യാഗ്രഹത്തിലും വയലാർ പുന്നപ്ര സമരത്തിലും പങ്കെടുത്തിട്ടുള്ള ആളുകൾക്കുള്ള പെൻഷനും മാപ്പിള ലഹളയിൽ പങ്കെടുത്തിട്ടുള്ള ആളുകൾക്കുള്ള കേന്ദ്ര പെൻഷനും സാങ്കേതികത്വത്തിന്റെ പേരിൽ ഇന്നും അനുവദിക്കാതിരിക്കുകയാണ്. സ്റ്റേറ്റ് കോൺഗ്രസ് സത്യാഗ്രഹത്തെക്കുറിച്ച് സെൻട്രൽ ഹോം മിനിസ്ട്രിയിൽ നിന്ന് ചോദിക്കുമ്പോൾ ആണെന്നുതോന്നുന്നു എഴുതി അയച്ച വിചിത്രമായ അഭിപ്രായം രാജ്യസ്നേഹികളെയാകെ വളരെയധികം വേദനിപ്പിക്കുന്ന ഒന്നാണ്. നാട്ടു രാജ്യങ്ങളിൽ നടന്ന പ്രക്ഷോഭണങ്ങളുടെ കൂട്ടത്തിൽ നമ്മുടെ ദേശീയ സ്വാതന്ത്ര്യ സമര നേതൃത്വവും ഇൻഡ്യൻ നാഷണൽ കോൺഗ്രസുമെല്ലാം അംഗീകരിച്ചിട്ടുള്ള ഒന്നാണ് സ്റ്റേറ്റ് കോൺഗ്രസിന്റെ ഉത്തരവാദ പ്രക്ഷോഭണം എന്നാണ് ഞാൻ മനസിലാക്കുന്നത്. ആ സമരം സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാണോ യെന്ന "കൊറി" അവിടെയിരിക്കുന്ന സെൻട്രൽ മിനിസ്ട്രിയിലെ ജോയിന്റ് സെക്രട്ടറി സ്റ്റേറ്റ് ഗവൺമെന്റിനു എഴുതി അയച്ചിരിക്കുകയാണ്. മഹാത്മാ ഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും അംഗീകരിച്ചതാണെന്ന് അങ്ങ് പ്രധാനമന്ത്രിയെ കാണുമ്പോൾ തീർച്ചയായും പറയണം. ചരിത്രത്തിൽ രേഖകൾ ഉണ്ട്. കസ്തൂർബാ ഗാന്ധി രാജ്കോട്ടിലെ നാട്ടു രാജ്യങ്ങളുടെ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ഈ ചരിത്ര രേഖകൾ ധാരാളം എന്നോടു സ്വാതന്ത്ര്യസമര സേനാനികൾ പറഞ്ഞിട്ടുള്ളതാണ്. 1938 ഫെബ്രുവരി മാസം 17-ാം തീയതി അന്നത്തെ കോൺഗ്രസ് പ്രസിഡന്റായിരുന്ന സുബാഷ് ചന്ദ്രബോസ്, തിരുവിതാംകൂറിൽ നടന്ന അടിച്ചമർത്തലുകളിൽ പ്രതിഷേധിച്ചുകൊണ്ട് ബോംബെയിൽ വച്ച് പ്രസ്താവനകൾ പുറപ്പെടുവിച്ചു. നാട്ടുരാജ്യങ്ങൾ ഒരു പടികൂടി മുമ്പിലോട്ട് പോയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് നേതൃത്വം കൊടുത്തിട്ടുള്ള പ്രജാമണ്ഡലത്തിൽ പങ്കെടുത്തിട്ടുള്ള സ്വാതന്ത്ര്യ സമര ഭടൻമാർക്കും സ്റ്റേറ്റ് കോൺഗ്രസിന്റെ ഉത്തരവാദ പ്രക്ഷോഭണത്തിൽ സർ സി. പി. യുടെ കിരാത വാഴ്ചയ്ക്കെതിരായി പട പൊരുതിയിട്ടുള്ള ആളുകൾക്കുമെല്ലാം നമ്മുടെ ആരാദ്ധ്യയായ നേതാവ് ശ്രീമതി ഇന്ദിരാഗാന്ധി താമ്രപത്രം കൊടുത്ത് ആദരിച്ചതാണ്. അങ്ങനെ ഇന്ദിരാഗാന്ധി താമ്രപത്രം കൊടുത്ത് ആദരിച്ച് സ്റ്റേറ്റ് പെൻഷൻ വാങ്ങിക്കുന്ന ആളുകളോട് ഈ സമരം സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാണോ എന്ന് ചോദിക്കാനുള്ള ധാർഷ്ട്യം ആരെങ്കിലും കാണിച്ചാൽ അവരെ സത്യ ത്തിൽ നിലനിർത്തേണ്ട ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്. അതിനെതിരെ ശക്തിയായി പ്രതികരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെ സ്റ്റേറ്റ് പെൻഷൻ രണ്ടുമാസം കൂടുമ്പോൾ മൂന്നാമത്തെ മാസം 20-ാം തീയതിയാണ് കിട്ടുന്നത്. ചിലപ്പോൾ അത് 30-ാം തീയതി വരെ ആകും. ഇത് ഭിക്ഷയും അല്ല ദാനവും അല്ല. അവരെ ആദരിക്കുക അല്ല അപമാനിക്കുകയാണ്. പെൻഷൻ കൊടുത്തില്ലെങ്കിലും അവരെ അപമാനി ക്കരുത്. കേന്ദ്രപെൻഷൻ നൽകുന്നതുപോലെ ഒന്നാം തീയതി ട്രഷറിയിൽ ബുക്കും കൊണ്ടു പോയാൽ അവർക്ക് പെൻഷൻ കിട്ടണം. ഇവിടെ കളക്ടർ മാരായാണ് അതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. എന്റെ അഭിപ്രായ ത്തിൽ അവരിൽ നിന്ന് മാറണം. ഇതിന് പ്രത്യേക വകുപ്പ് സെൻട്രൽ സെക്രട്ടേറിയറ്റിൽ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത് ട്രഷറിയിൽ നാം തീയതി കൊടുക്കുന്ന സെൻട്രൽ പെൻഷനോടൊപ്പം തന്നെ സ്റ്റേറ്റ് പെൻഷനും കൊടുക്കാനുള്ള സന്ദർഭം ഉണ്ടാക്കണം. അങ്ങേക്ക് ഇതിൽ പ്രത്യേക താൽപ്പര്യമുണ്ടെന്ന് എനിക്കറിയാം. പക്ഷേ സർക്കാരിന്റെ ചുവപ്പ് നാടയിൽ കുരുങ്ങി നിയമത്തിന്റെ തലനാരിഴ കീറുന്നതിൽ സ്വാതന്ത്ര്യ സമരഭടൻമാരെ സർക്കാരിന്റെ ചുവപ്പുനാടയിലേക്ക് എറിഞ്ഞുകൊടുക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് സ്വാതന്ത്ര്യസമരത്തെക്കുറിച്ച് കേട്ടറിവുള്ള, അങ്ങയെപ്പോലുള്ള സ്വാതന്ത്ര്യ സമരഭടൻമാരുടെ കഴിഞ്ഞകാല സ്വാതന്ത്ര്യസമര സേവനങ്ങളെ വിലയിരുത്തിക്കുന്ന പുതിയ തലമുറ, ഒരു ഇതിഹാസമായി സ്വാതന്ത്ര്യ സമരത്തെ കാണുന്ന പുതിയ തലമുറയുടെ പ്രതിനിധിയായ ഞാൻ ആവശ്യപ്പെടുന്നത് സ്വാതന്ത്ര്യസമര ഭടൻമാരുടെ ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ ഉന്നയി ച്ചിട്ടുള്ള ആവശ്യങ്ങളിൽ ഒന്നായ ക്ഷേമനിധി അടിയന്തിരമായി നടപ്പിലാക്കണ മെന്നാണ്. അത് നടപ്പിലാക്കണമെന്ന് ഒരിക്കൽക്കൂടി ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, സ്വാതന്ത്ര്യ സമരഭടൻമാരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ ആരാദ്ധ്യയായ മുൻ പ്രധാനമന്ത്രി ഇന്ദിരാജി ആണ് ആനുകൂല്യങ്ങൾ നൽകാനുള്ള തുടക്കം കുറിച്ചത്. അതിനിടയാക്കിയ ചില സംഭവങ്ങൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. കേരളത്തിൽനിന്നുള്ള ചിലരുടെ കാര്യം അവർ നേരിട്ടു മനസ്സിലാക്കിയപ്പോൾ അത് ഉൾപ്പെടെയുള്ള കാര്യ ങ്ങളാണ് അവരെ അതിന് പ്രേരിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്ത് മറ്റെയധികം ധീരമായി പോരാടിയ സേനാനികളായിരുന്നു സർദാർ പട്ടേലും തുടങ്ങിയുള്ള ആളുകൾ. അവരെല്ലാം അന്തിമഘട്ടത്തിൽ രാജ്യത്തെ ക്ഷേണം കഴിക്കാതെ പട്ടിണികിടന്നു മരിക്കേണ്ടതായ സ്ഥിതി വന്നിരുന്നു. അത് മനസ്സിൽ കണ്ടുകൊണ്ടാണ് പട്ടിണികിടന്നു മരിക്കാതിരിക്കാനുള്ള ഒരു ആശ്വാസ നടപടിയെന്നുള്ള നിലയിൽ കേന്ദ്ര ഗവൺമെന്റ് പെൻഷൻ പ്രഖ്യാപിച്ചതും നമ്മുടെ സംസ്ഥാനവും പെറിയ നിലയിൽ അന്നത്തെ സാഹചര്യത്തിൽ സാധിക്കാവുന്ന രീതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ പ്രഖ്യാപിച്ചത്. 180 രൂപയായിരുന്ന പെൻഷൻ ഇപ്പോൾ 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ അവരുടെ ആനുകൂല്യങ്ങളെ സംബന്ധിച്ച് എല്ലാ ഗവൺമെന്റുകളും വളരെ ശ്രദ്ധാപൂർവ്വം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചികിൽസാ സൗകര്യങ്ങൾ കൊടുക്കുന്ന കാര്യത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുമൊക്കെ അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. എന്നിരുന്നാലും ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ചില പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുന്നത് എല്ലാ നല്ല കാര്യങ്ങളും ദുരുപയോഗപ്പെടുത്താറുള്ളതുപോലെ തന്നെ ഇതും ദുരുപയോഗപ്പെടുത്താൻ ചിലർ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് അർഹതയുള്ള ചില ആളുകൾക്ക് പെൻഷൻ കിട്ടാതെ പോയിട്ടുള്ളതെന്നതാണ് സത്യം. എനിക്ക് നേരിട്ട് അറിയാവുന്ന സംഗതിയാണത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തില്ലെന്നു മാത്രമല്ല അത്യാവശ്യം ഞങ്ങളെ ദ്രോഹിച്ച ആളുകൾ പെൻഷന് എന്റെ മുമ്പിൽവന്ന് അപേക്ഷ നൽകിയിട്ടുള്ള കാര്യം എനിക്ക് നേരിട്ട് അറിയാവുന്നകാര്യങ്ങളാണ്. എന്താണ് ഇതിന്റെ അടിസ്ഥാനം ? അതുകൊണ്ട് ചില ഗൈഡ്ലൈൻസ് ഒക്കെ വച്ചു. ആ ഗൈഡ്ലൈൻസ് ഫൂൾപ്രൂഫ് ആണെന്നു പറയുന്നു. എങ്കിലും പരാമാവധി ചെയ്യുവാനാണ് ചെയ്യുന്നുണ്ട്. ഈയടുത്തകാലത്തുതന്നെ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത് കേവലം സാങ്കേതികമായ കാരണങ്ങൾ കൊണ്ടുമാത്രം പെൻഷൻ നിഷേധിക്കാൻ ഇടയാകരുതെന്നാണ്. അതുപോലെതന്നെ സ്വാതന്ത്ര്യ സമരഭടൻമാരുടെ പട്ടികയിൽ വരേണ്ടവരാണ് ഖാദി പ്രസ്ഥാനത്തിൽ പങ്കെടുത്ത ആളുകൾ. ആൾ ഇൻഡ്യാ സ്പിന്നേഴ്സ് അസോസിയേഷന്റെ കീഴിലുള്ള ജീവനക്കാരെ സമരത്തിൽ ജയിലിലേക്ക് പോകരുതെന്ന് മഹാത്മജി ഉപദേശിച്ചിരുന്നതാണ്. ആ അടിസ്ഥാനത്തിൽ ജയിലിൽ പോകാതെ മാറിനിലയിൽ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ പങ്കെടുത്ത ആളുകൾ. ഇവയെല്ലാം ഗവൺമെന്റിന്റെ പരിശോധനയിലിരിക്കുന്ന കാര്യങ്ങളാണ്. എന്നാൽ അത്യാവശ്യമായിട്ട് ഇവിടെ ഉന്നയിച്ചിട്ടുള്ള ഒരു കാര്യം അവരുടെ ക്ഷേമനിധിയെ സംബന്ധിച്ചുള്ളതാണ്. സർ, സ്വാതന്ത്ര്യ സമരഭടൻമാരുടെ സംഘടനാപ്രതിനിധികളുമായി ഈ മാർച്ചുമാസത്തിൽ സംസാരിച്ചു. അതിനെത്തുടർന്ന് അവരുടെ പ്രതിനിധികളും ഉദ്യോഗസ്ഥൻമാരുമായി നടത്തിയ പ്രാഥമികമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചു. അതിനെ സംബന്ധിച്ചുള്ള പദ്ധതി തയ്യാറാക്കാൻവേണ്ടി പൊതുഭരണ വകുപ്പ് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടു. ധനകാര്യവകുപ്പ് അത് പൂർത്തിയാക്കിയിട്ടുണ്ട്. ഈയടുത്തദിവസംതന്നെ സ്വാതന്ത്ര്യസമരഭടൻമാരുടെ സംഘടനാ പ്രതിനിധികളുമായി ആലോചിച്ച് അതിന് ഒരു അവസാന തീരുമാനമെടുക്കും. ഈ പെൻഷനും കഴിയുമെങ്കിൽ നിയമപരമായി അംഗീകാരം കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അതിനാവശ്യമായ നടപടികൾ കാലവിളംബം കൂടാതെ സ്വീകരിക്കുമെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, കേന്ദ്ര പെൻഷൻ കിട്ടുന്ന ദിവസംതന്നെ സംസ്ഥാന പെൻഷനും കിട്ടത്തക്കവണ്ണം ഒരു സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : നമ്മുടെ പെൻഷൻ പൊതുവെ തന്നെ കൃത്യസമയത്തിനു കിട്ടുന്നില്ലെന്നുള്ള പരാതികൾ ഉണ്ട്. കാരണം ബഡ്ജറ്റിൽ പണം കൊള്ളിക്കുമ്പോൾ എത്ര പെൻഷൻകാർ ഉണ്ടെന്നു നോക്കി പണം കൊള്ളിക്കാത്തതുകൊണ്ടുവരുന്ന പ്രയോഗിക ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്പായാലും സ്റ്റേറ്റ് പെൻഷനെ സംബന്ധിച്ചിടത്തോളം ട്രഷറിയിൽ പോകാതെ ഇപ്പോൾ മണി ഓഡറായിട്ടാണ് അയച്ചുകൊടുക്കുന്നത്. അതു കൊണ്ട് അത് ഒരിക്കലും ഒരുമാസവും മുടക്കംകൂടാതെ കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുന്നതായിരിക്കും.

## III സബ്മിഷൻ

### (1) പേപ്പട്ടി വിഷബാധയേറ്റു മരണമടഞ്ഞവർ

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : സർ, കോന്നി ഐരവൺ എന്ന സ്ഥലത്ത് പേപ്പട്ടി വിഷബാധയേറ്റ് ഏതാനും ദിവസം മുമ്പ് മൂന്നുപേർ മരണമടഞ്ഞു. അഞ്ചുപേർക്ക് വിഷബാധയേറ്റ് മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിലാണ്. ചന്ദ്രൻപിള്ള, രാജപ്പൻ, കൃഷ്ണൻ എന്നിവരാണ് മരിച്ചത്, അവരുടെ മുഖത്തും തലയിലും പട്ടികടിച്ച തിന്റെ വലിയമുറിവ് ഉണ്ടായിരുന്നു. തൊട്ടടുത്ത ദിവസം അവർ കോന്നി പി. എച്ച്. സെന്ററിൽ ചെന്നു. അവിടെ ചെന്നപ്പോൾ അവിടെ പേപ്പട്ടിവിഷത്തിനുള്ള വാക്സിൻ ഇല്ലായിരുന്നു. മരുന്ന് തിരുവനന്തപുരത്തു നിന്നും കൊണ്ടുവരണമെന്ന് പറഞ്ഞ്, രണ്ടുദിവസം കഴിഞ്ഞ് ചെല്ലാൻ പറഞ്ഞു. എന്നാൽ രണ്ടുദിവസം കഴിഞ്ഞു ചെന്നപ്പോഴും മരുന്ന് അവിടെ ഇല്ലായിരുന്നു. പട്ടികടിച്ച രാജപ്പനെയുംകൊണ്ട് പി. എച്ച്. സെന്ററിൽ നിന്ന് പബ്ലിക്ഹെൽത്ത് ലബോറട്ടറിയിലേക്ക് അയച്ചു. അതിനുള്ള ടാക്സിക്കൂലിയടക്കം രാജപ്പനിൽനിന്നും ഡോക്ടർ വാങ്ങിച്ചു. ഒടുവിൽ കുത്തിവയ്ക്കാനുള്ള മരുന്ന് അവിടെ കൊണ്ടുവന്ന് എല്ലാവരും കുത്തിവയ്പു നടത്തി. പതിനാലു ദിവസം കഴിഞ്ഞപ്പോൾ വീണ്ടും രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങി. വീണ്ടും ആശുപത്രിയിൽ ചെന്നപ്പോൾ സാരമില്ലെന്ന് പറഞ്ഞു. പതിനാലായാലും അവരെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് അയച്ചു. ജനറൽ ആശുപത്രിയിൽ വന്ന് അടുത്തദിവസം തന്നെ അവരെ മെഡിക്കൽകോളേജാശുപത്രിയിലേക്ക് റഫർ ചെയ്തുവെങ്കിലും ചന്ദ്രൻപിള്ളയും രാജപ്പനും അടുത്തദിവസം തന്നെ മരണമടഞ്ഞു. അതിനു ശേഷം കൃഷ്ണനെ മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ കൃഷ്ണനും മരിച്ചു. തികച്ചും നിരുത്തരവാദപരമായ രീതിയിലാണ് പി. എച്ച്. സെന്ററിലെ ഡോക്ടർ പെരുമാറിയത്. വിഷബാധയേറ്റിരുന്ന ആളിനെയാണ് പ്യൂണിനോടൊപ്പം പേപ്പട്ടിവിഷത്തിനു പരിഹാരം കാണുന്നതിനുള്ള വാക്സിൻ വാങ്ങുന്നതിന് പറഞ്ഞയച്ചത്. ടാക്സിക്കൂലിയടക്കമുള്ള തുകയും വാങ്ങിച്ചു. അതോടൊപ്പം തന്നെ ഐസ്-ബോക്സിൽ വളരെ സുരക്ഷിതമായി കൊണ്ടുവരേണ്ട വാക്സിൻ അറൻഡറുടെ ബാഗിലാണ് കൊണ്ടുവന്നത്. ഇത് ഫ്രീസറിൽ വച്ചില്ല. ഫ്രീസർ വർക്കുചെയ്യുന്നില്ലായിരുന്നു. ഈ ഗവൺമെന്റാശുപത്രിയിൽ മെഡിക്കൽ കോളേജിൽ വേണ്ട വിധത്തിൽ രോഗം കണ്ടുപിടിച്ച് ചികിൽസിച്ചില്ലെന്നുള്ളതാണു പരമാർത്ഥം. പോസ്റ്റുമാർട്ടം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടും അതിന് തയ്യാറായില്ല. ഇതുപോലെതന്നെ മനുഷ്യജീവനു് അൽപംപോലും വിലകൽപ്പിക്കാതെ, വളരെ മനുഷ്യത്വരഹിതമായ നിലയിലുള്ള പ്രവർത്തനമാണ് ഈ സംഭവത്തിൽ നടന്നിട്ടുള്ളത്. ആ ഡോക്ടർ ആരായാലും അയാളുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം. മരിച്ചുപോയ കൃഷ്ണനു് കിടപ്പാടം പോലുമില്ല. ഒരു ബന്ധുവിന്റെ വീട്ടിലാണ് അയാൾ താമസിച്ചിരുന്നത്. നിരാധാരമായ അയാളുടെ കുടുംബത്തിനു് ന്യായമായ രീതിയിലുള്ള നഷ്ടപരിഹാരം നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. കെ. എസ്. ആർ. ടി. സി.

LIBRARY ARCHIVES Kerala Legislative Assembly